MALAYALAM

Paper I

(LITERATURE)

*Time allowed : **Three** Hours*

*Maximum Marks : **250***

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in two **SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, **THREE** are to be attempted choosing at least **ONE** from each section.*

The number of marks carried by a question / part is indicated against it.

*Answers must be written in **MALAYALAM**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in chronological order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the answer book must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. ഓരോ ചോദ്യത്തിനും **നൂറ്റമ്പത് വാക്കിൽ** കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) 'ദ്രമിഡസംഘാതാക്ഷരനിബദ്ധ' മെന്ന വ്യവസ്ഥ പാട്ടുപ്രസ്ഥാനത്തിന്റെ മൗലിക ലക്ഷണമാണോ ? *10*

(b) നമ്പ്യാന്തമിഴിന്റെ ഭാഷാസ്വഭാവം വിശദീകരിക്കുക. *10*

(c) ആട്ടപ്രകാരത്തിന്റെയും ക്രമദീപികയുടെയും ഭാഷാചരിത്രപ്രാധാന്യമെന്ത് ? *10*

(d) മാപ്പിളപ്പാട്ടിലെ ഭാഷയുടെ പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുക. *10*

(e) ടെലിവിഷൻ മലയാളത്തിന്റെ സവിശേഷതകൾ അടയാളപ്പെടുത്തുക. *10*

Q2. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം **ഓരോന്നും ഇരുനൂറ്റമ്പത് വാക്കിലും** (c) എന്ന ചോദ്യത്തിനുള്ള ഉത്തരം **നൂറ്റമ്പത് വാക്കിലും** കവിയരുതു്.

(a) കേരളപാണിനിയുടെ ആറുനയങ്ങൾ തമിഴും മലയാളവും തമ്മിലുള്ള വ്യത്യാസങ്ങൾ വ്യക്തമാക്കുന്നു – ശരിയോ ? എന്തുകൊണ്ട് ? *20*

(b) പ്രാചീന മണിപ്രവാളചമ്പുക്കളുടെ ഭാഷാപരമായ സവിശേഷകളെന്തെല്ലാം ? *20*

(c) 'ഭാഷാകൗടലീയം', 'കൗടലീയ'ത്തിന്റെ വിവർത്തനമോ വ്യാഖ്യാനമോ ? *10*

Q3. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം **ഓരോന്നും ഇരുനൂറ്റമ്പത്** വാക്കിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം **നൂറ്റമ്പത് വാക്കിലും** കവിയരുതു് .

(a) സാങ്കേതികപദങ്ങളുടെ കാര്യത്തിൽ മലയാളം നേരിടുന്ന വെല്ലുവിളി എങ്ങനെ പരിഹരിക്കാം ? *20*

(b) പുതിയ മലയാളസിനിമകളുടെ പേരുകൾ മിക്കതും ഇംഗ്ലീഷിലാണ് – ഈ പ്രവണത നൽകുന്ന സൂചനയെന്ത് ? *20*

(c) ഭാഷോത്ഭവത്തെക്കുറിച്ചുള്ള കെ. ഗോദവർമ്മയുടെ അഭിപ്രായം വിലയിരുത്തുക. *10*

Optional Province · optionalprovince.com

Q4. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം **ഓരോന്നും ഇരുനൂറ്റമ്പത്** വാക്കിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം **നൂറ്റമ്പത് വാക്കിലും** കവിയരുതു് .

(a) മലയാളഭാഷയുടെ വളർച്ചയിൽ സംസ്കൃതം വഹിച്ച പങ്കെന്തു് ? *20*

(b) എ. ഡി പത്താംനൂറ്റാണ്ടിനുമുമ്പുള്ള മലയാള ലിഖിത മാതൃകകൾ പരിചയപ്പെടുത്തുക. *20*

(c) അർണ്ണോസ് പാതിരി മലയാളഭാഷയ്ക്ക് നൽകിയ സംഭാവനകൾ വിലയിരുത്തുക. *10*

Optional Province · optionalprovince.com

SECTION B

Q5. ഓരോ ചോദ്യത്തിനും **നൂറ്റമ്പത് വാക്കിൽ** കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) എൻ. കൃഷ്ണപിള്ളയുടെ നാടകസങ്കല്പം വിശദീകരിക്കുക. *10*

(b) മലയാളത്തിലെ ആദ്യത്തെ മഹാകാവ്യമായി 'കൃഷ്ണഗാഥ'യെ പരിഗണിക്കാമോ ? *10*

(c) 'വർത്തമാനപ്പുസ്തക'ത്തിന് മലയാളഗദ്യചരിത്രത്തിലുള്ള സ്ഥാനമെന്ത് ? *10*

(d) 'കുചേലവൃത്തം' വഞ്ചിപ്പാട്ടിന്റെ മൗലികത എന്ത് ? *10*

(e) 'നളചരിത'ത്തെ 'കേരളീയശാകുന്തളം' എന്നു വിശേഷിപ്പിക്കുന്നതിന്റെ യുക്തി എന്ത് ? *10*

Q6. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം **ഓരോന്നും ഇരുനൂറ്റമ്പത് വാക്കിലും** (c) എന്ന ചോദ്യത്തിനുള്ള ഉത്തരം **നൂറ്റമ്പത് വാക്കിലും** കവിയരുതു്.

(a) 'ലീലാതിലക'ത്തിന്റെ സാഹിത്യചരിത്രപ്രാധാന്യം എന്ത് ? *20*

(b) ദാർശനികത്വവും കവിത്വവും കുമാരനാശാന്റെ കവിതകളിൽ എങ്ങനെ സമ്മേളിച്ചിരിക്കുന്നു ? *20*

(c) ചമ്പുക്കളിലെ 'നാടോടിത്തം' വിവരിക്കുക. *10*

Q7. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം **ഓരോന്നും ഇരുനൂറ്റമ്പത്** വാക്കിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം **നൂറ്റമ്പത് വാക്കിലും** കവിയരുതു് .

(a) ചങ്ങമ്പുഴക്കവിത പിൽക്കാല കവികളെ ഏതെങ്കിലും തരത്തിൽ സ്വാധീനിച്ചിട്ടുണ്ടോ ? *20*

(b) 'ഇന്ദുലേഖ'യ്ക്കു് മുമ്പും മലയാളത്തിൽ നോവലുകൾ ഉണ്ടായിട്ടുണ്ട് – ശരിയോ ? എന്തുകൊണ്ട് ? *20*

(c) പൊൻകുന്നം വർക്കിയുടെ കഥകൾക്കുള്ള തനതു് സവിശേഷതകൾ എന്തെല്ലാം ? *10*

Optional Province · optionalprovince.com

Q8. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം **ഓരോന്നും ഇരുനൂറ്റമ്പത്** വാക്കിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം **നൂറ്റമ്പത് വാക്കിലും** കവിയരുതു് .

(a) മലയാളചെറുകഥയിലെ ഹാസ്യപാരമ്പര്യത്തെക്കുറിച്ച് ബഷീർ, വി.കെ. എൻ, സക്കറിയ എന്നിവരുടെ കൃതികൾ ഉദാഹരിച്ച് ഉപന്യസിക്കുക. *20*

(b) മലയാളസാഹിത്യത്തിന്റെ വികാസപരിണാമങ്ങളിൽ ബംഗാളി സാഹിത്യത്തിന് സാരമായ പങ്കുണ്ടോ ? ചർച്ച ചെയ്യുക. *20*

(c) യാത്രാനുഭവങ്ങൾ നോവൽ രചനയ്ക്കും കഥാസൃഷ്ടിക്കും ഫലപ്രദമായി പ്രയോജനപ്പെടുത്തിയ ഒരെഴുത്തുകാരനാണ് എസ്.കെ. പൊറ്റക്കാട് – നിരൂപിക്കുക. *10*

Optional Province · optionalprovince.com